4. ബാലിക്കുളം പദ്ധതി

ഈ പദ്ധതി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ ഏൽപ്പിച്ചിട്ടുണ്ട്.

കല്ലൂർ വടക്കുമുറി ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണ ശാല ഒഴികെയുള്ള പണികൾ 1995-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. ശുദ്ധീകരണശാലയുടെ പണികൾക്ക് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 6/2001-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

## എം.വി.ഐ.പി.യെ സംബന്ധിച്ച ചർച്ച

39 (3438)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. പ്രോജക്ടിനെ സംബന്ധിച്ച് 9.8.94-ൽ എന്തെങ്കിലും ചർച്ചകൾ തിരുവനന്തപുരത്ത് നടന്നിരുന്നോ;

(ബി) പ്രസ്തുത ചർച്ചയിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്;

(സി) ചർച്ചയിൽ പങ്കെടുത്തവർ ആരെല്ലാം;

(ഡി) ചർച്ചകളുടെ നടപടിക്കുറിപ്പിന്റെ പകർപ്പു ലഭ്യമാക്കുമോ;

(ഇ) 1991 മുതൽ 1996 വരെയുള്ള കാലയളവിൽ എം.വി.ഐ.പി.യെ സംബന്ധിച്ച് എത്ര റിവ്യൂ മീറ്റിംഗുകൾ മന്ത്രിതലത്തിൽ നടന്നിട്ടുണ്ട്;

(എഫ്) ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രധാനപ്പെട്ട തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്?

ഉത്തരം

(എ) നടന്നിരുന്നു.

(ബി) താഴെപ്പറയുന്ന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

1. ഭൂമി ഏറ്റെടുക്കൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് കോട്ടയം എറണാകുളം ജില്ലകളിൽ കഴിവുള്ളതും കാര്യക്ഷമതയുള്ളതുമായ വക്കീലന്മാരെ നിയമിക്കുവാൻ തീരുമാനിച്ചു.

2. 20 ലക്ഷം രൂപവരെയുള്ള സ്ട്രക്ചറുകളുടെ രൂപ കൽപ്പന ചീഫ് എഞ്ചിനീയറുടെ അറിവോടുകൂടി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അഗീകരിക്കാവുന്നതാണ്.

3. ടെണ്ടറുകളിന്മേൽ എഗ്രിമെന്റ് വയ്ക്കുന്നത് സ്ഥലം ലഭിച്ചതിനുശേഷമായിരിക്കണം.

4. ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസ് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസമാണ് പണികൾ സമയബന്ധിതമായി തീർക്കാതിരിക്കുവാനുള്ള പ്രധാന കാരണം. ഈ കാലതാമസം ഒഴിവാക്കുവാനായി സിമന്റ്, കമ്പി മുതലായവ കരാറുകാർ തന്നെ തരപ്പെടുത്തുവാനും അതിനുവേണ്ട വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

5. ഉപശാഖ ചാനലുകൾ കോൺക്രീറ്റ് ചെയ്യുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6. തിരുവനന്തപുരത്തെ ഇറിഗേഷൻ കോംപ്ലക്സിന്റെ പണി വാമന പുരം ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാനും വാമനപുരം പദ്ധ തിയുടെ പണി ചീഫ് എഞ്ചിനീയർ പ്രോജക്ട് രണ്ടിന്റെ അധീനതയിൽ കൊണ്ടുവരാനും തീരുമാനിച്ചു.

7. പണികൾ കരാർ സമയത്തിനുള്ളിൽ ചെയ്യുന്നവർക്ക് പ്രോത്സാഹന സമ്മാനമായി അടങ്കൽതുകയുടെ 1% നൽകാനും താമസിപ്പിക്കുന്നവർക്ക് പിഴ യായി തീർക്കേണ്ട പണിയുടെ എഗ്രീഡ് പി.എ.സി.യുടെ 1% വീതം ഓരോദിവ സവും ഈടാക്കുവാനും തീരുമാനിച്ചു.

(സി) അനുബന്ധം 1†-ആയി ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധം 2†-ആയി ചേർത്തിരിക്കുന്നു.

(ഇ) 15 (പതിനഞ്ച്)

(എഫ്) അനുബന്ധം 3† ആയി ചേർത്തിരിക്കുന്നു.

## തോട്ടപ്പള്ളി സ്പിൽവേ

**40 (3439)**ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേ കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാം;

(ബി) അവ ഇന്ന് ലഭ്യമാണോ;

(സി) പ്രസ്തുത സ്പിൽവേ പ്രവർത്തനക്ഷമമാണോ;

(ഡി) ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം കിട്ടുവാൻ ഇനി യെന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഇ) എന്നത്തേയ്ക്ക് ഈ കാര്യങ്ങൾ ചെയ്യാമെന്ന് കരുതുന്നു?

ഉത്തരം

(എ) മഴക്കാലത്ത് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കാർത്തിക പ്പള്ളി, കുട്ടനാട്, താലൂക്കുകളിലൂടെ ഒഴുകുന്ന നദികളായ അച്ചൻകോവിൽ, പമ്പാ, മണിമല, മീനച്ചിൽ എന്നിവയിലൂടെയും, അവയുടെ ശാഖകളിലൂ ടെയും ഒഴുകി എത്തുന്ന വെള്ളംമൂലം സമുദ്ര നിരപ്പിനും താഴെയുള്ള കുട്ടനാ ടൻ കൃഷിയ്ക്കും, കരിനിലങ്ങളിലെ കൃഷിയും, കരകൃഷിയും നശിക്കുന്നത് ഒഴിവാക്കുന്നതിന് തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ ഉയർത്തി അധിക ജലം കടലിലേക്ക് ഒഴുക്കി കളയുന്നു. കൂടാതെ വേനൽക്കാലത്ത് നദികളി ലേയും തോടുകളിലേയും വെള്ളം വറ്റി ജലനിരപ്പു താഴുമ്പോൾ കടൽവെള്ളം കയറി കുട്ടനാടൻ പാടശേഖരങ്ങളിലേയും, കരിനിലങ്ങളിലേയും കൃഷി നശിച്ചു പോകാതിരിക്കാൻ സ്പിൽവേയുടെ ഷട്ടറുകൾ താഴ്ത്തി ഉപ്പുവെള്ളം ഭീഷണിയിൽനിന്നും ഒരു പരിധിവരെ കൃഷിസ്ഥലങ്ങളെ രക്ഷിക്കുന്നു. പ്രസ്തുത സ്പിൽവേ എൻ.എച്ച്.47-ന്റെ പ്രധാന പാലമായും ഉപയോ ഗിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly